**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3070** **01-03-2023 - ൽ മറുപടിയ്ക്ക്**

**ടോൾപ്ലാസകളുടെ ദൂരപരിധി നിശ്ചയിച്ച കേന്ദ്ര സർക്കാർ നിർദ്ദേശം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതകളിൽ അറുപത് കിലോമീറ്റർ ദൂരപരിധിയിൽ ഒന്നിലേറെ ടോൾപ്ലാസകൾ അനുവദനീയമല്ല എന്ന് കേന്ദ്ര സർക്കാർ നിർദേശമുണ്ടോ; ഉണ്ടെങ്കിൽ ആയത് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | 1997 ലേയും 2008 ലേയും NH Fee Rules അടിസ്ഥാനപ്പെടുത്തിയാണ് ദേശീയപാത അതോറിറ്റി User Fee (Toll) ഈടാക്കി വരുന്നത്. 1997 ലെ ചട്ടങ്ങൾ പ്രകാരം User Fee ഈടാക്കുന്ന ഈ പാതകൾ തമ്മിൽ നിശ്ചിത അകലം വേണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടില്ല. എന്നാൽ 2008 ലെ ചട്ടങ്ങൾ പ്രകാരം മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ 60 കി.മീ. അകലത്തിനുള്ളിൽ തന്നെ ടോൾ പ്ലാസ സ്ഥാപിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം ഉണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>പന്നിയങ്കരയിലേയും പാലിയേക്കര യിലേയും ടോൾ പ്ലാസകൾ തമ്മിൽ 33.5 കി.മീ. ദൂരമാണ് ഉള്ളത്. പ്രസ്തുത ടോൾ പ്ലാസകൾ നിലകൊള്ളുന്ന സ്ട്രെച്ചുകൾ DBFOT (Design, Build, Finance, Operate & Transfer) രീതിയിൽ നിർമ്മിച്ചവയാണ് എന്നും ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ വിഷയം NHAI യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ദേശീയപാത 544-ലെ പന്നിയങ്കരയിൽ പുതിയ ടോൾ പ്ലാസ പ്രവർത്തനം ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ, കഴിഞ്ഞ 15 വർഷക്കാലമായി പാലിയേക്കരയിൽ പ്രവർത്തിക്കുന്ന ടോൾപ്ലാസ നിർത്തലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ